**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *12 | 02.03.2020 ൽ മറുപടിക്ക്

**ഗോത്രവർഗ്ഗ, തീരദേശ മേഖലകളിലെ ആരോഗ്യ സംരക്ഷണം**

| ചോദ്യം<br><br>ശ്രീ.എ. പ്രദീപ് കുമാർ<br>,, കെ.വി.വിജയദാസ്<br>,, കെ. ആൻസലൻ<br>,, കെ. ദാസൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട മേഖലകളിൽ പ്രത്യേകിച്ച് ഗോത്രവർഗ്ഗ മേഖലകളിലും തീരദേശ മേഖലകളിലും ഉള്ളവരുടെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ സവിശേഷ ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ടാണ് ഗോത്രവർഗ്ഗ തീരദേശ മേഖലയിൽ ആരോഗ്യ പ്രവർത്തനം നടത്തി വരുന്നത്. ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും ഗോത്രവർഗ്ഗ മേഖലകൾക്കും തീരദേശ മേഖലകൾക്കും അധിക പരിഗണന നൽകി വരുന്നുണ്ട്. ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുക, നിയമനങ്ങൾ നടത്തുക, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളിൽ എല്ലാം മുൻഗണന നൽകിവരുന്നുണ്ട്.<br><br>ഗോത്രവർഗ്ഗ മേഖലകളിലെ 219 ആരോഗ്യ സ്ഥാപനങ്ങൾ ഉണ്ട്. അതിൽ 3 ജില്ലാ ആശുപത്രി, 14 താലൂക്ക് ആശുപത്രി, സ്പെഷ്യൽ ഹോസ്പിറ്റൽ 3 ((TSH അട്ടപ്പാടി (പാലക്കാട്), മട്ടന്നൂർ (കണ്ണൂർ), നല്ലൂർനാട് (വയനാട്)), 28 സി.എച്ച്.സി, 170 പി.എച്ച്.സി. / എഫ്.എച്ച്.സി, 1 Urban PHC എന്നിവയാണ് ഉള്ളത്.<br><br>മറ്റ് പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ഗോത്രവർഗ്ഗ മേഖലകളിൽ 20000 ജനസംഖ്യയ്ക്ക് 1 പ്രാഥമികാരോഗ്യ കേന്ദ്രവും, 3000 ജനസംഖ്യയ്ക്ക് ഒരു ഉപകേന്ദ്രം എന്ന കണക്കിന് പ്രവർത്തിച്ചു വരുന്നു (മറ്റ് പ്രദേശങ്ങളിൽ യഥാക്രമം 30000 ഉം 5000 ഉം ആണ്.)<br><br>വിദൂര സ്ഥലമായ പട്ടികവർഗ്ഗ മേഖലകളിൽ താമസിക്കുന്നവർക്ക് ആരോഗ്യ സേവനങ്ങൾ അതത് സ്ഥലത്ത് ലഭ്യമാക്കാനായി ഈ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ 13 ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട് (വയനാട്-5, പാലക്കാട്-2, ഇടുക്കി-2, കാസർഗോഡ്-1, കണ്ണൂർ-1, മലപ്പുറം-1, തിരുവനന്തപുരം-1). ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള ഈ മൊബൈൽ യൂണിറ്റുകളിൽ ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, തുടങ്ങിയവരുടെ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ ലഭിക്കുന്നു. നേരത്തെ പ്ലാൻ ചെയ്ത് ഊരുകൾ സന്ദർശിച്ച് സൗജന്യ പരിശോധനകളും മരുന്നു വിതരണവും പ്രതിരോധ കുത്തിവയ്പുകളും, ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ ദേശീയ ആരോഗ്യ മിഷന്റെ ഭാഗമായി 29 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ മേഖലകളിലും, മറ്റ് പിന്നോക്ക മേഖലകളിലും നടത്തിവരുന്നുണ്ട്.<br><br>ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ കാണുന്ന സിക്കിൾസെൽ അനീമിയ ചികിത്സയ്ക്കുള്ള പ്രവർത്തനങ്ങൾ വയനാട്, പാലക്കാട് (അട്ടപ്പാടി മേഖല), മലപ്പുറം (നിലമ്പൂർ മേഖല) ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇവർക്കുവേണ്ട പരിശോധനകളും, സൗജന്യ ചികിത്സയും, മരുന്നു വിതരണവും നടന്നു വരുന്നുണ്ട്.<br><br>ഗോത്രവർഗ്ഗ മേഖലകളിൽ ഓരോ ഊരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സ്ത്രീകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ഊരുമിത്രം ആശാപ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗോത്ര, തീരദേശ, പിന്നോക്ക മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്ന പുതിയ പദ്ധതി ആരംഭിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി അനുസരിച്ച് 2 കോടി രൂപ വിതുര താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ എല്ലാ പ്ലാൻ സ്കീമുകളിലും ഗോത്രമേഖല / തീരദേശ മേഖലയ്ക്ക് ഊന്നൽ നൽകാറുണ്ട്. ഗോത്രവർഗ്ഗ മേഖലയിൽ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളായി കൺവർട്ട് ചെയ്തു ഈ സ്ഥാപനങ്ങളിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതാണ്. ഓരോ എഫ്.എച്ച്.സി. കളിലും പ്രീ ചെക്ക് ഏരിയ, വെയിറ്റിംഗ് ഏരിയ, (രോഗികൾക്കും രോഗികളുടെ കൂട്ടിരിപ്പുകാർക്കും) കുടിവെള്ള സൗകര്യം, ടെലിവിഷൻ തുടങ്ങിയ സൗകര്യങ്ങളോടെ കൂടുതൽ രോഗീസൗഹൃദ സ്ഥാപനമായി പ്രവർത്തിച്ചു വരുന്നു. ട്രൈബൽ മേഖലയിലുള്ള സ്ഥാപനങ്ങളിൽ എടുത്തു പറയേണ്ടതായ ട്രൈബൽ സ്പെഷ്യൽ ഹോസ്പിറ്റൽ അട്ടപ്പാടി, THQH സുൽത്താൻ ബത്തേരി, ജില്ലാ |

| | | | |
|---|---|---|---|
| | | | ആശുപത്രി മാനന്തവാടി, ജനറൽ ആശുപത്രി കൽപ്പറ്റ, താലൂക്ക് ആശുപത്രി പുനലൂർ, എഫ്.എച്ച്.സി. ആറളം, എഫ്.എച്ച്.സി. നൂൽപ്പുഴ തുടങ്ങിയവയാണ്. |
| (ബി) | അട്ടപ്പാടിയിലേയും വയനാട്ടിലേയും ഗോത്രവർഗ്ഗക്കാർക്കിടയിൽ ശിശുമരണ നിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | അട്ടപ്പാടിയിലേയും വയനാട്ടിലേയും ഗോത്രവർഗ്ഗക്കാർക്കിടയിൽ ശിശുമരണ നിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | തീരദേശ ജനവിഭാഗങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗോത്ര, തീരദേശ, പിന്നോക്ക മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്ന ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2 കോടി രൂപ വീതം 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 20-21 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.<br>തീരദേശ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി Care on wheels എന്ന പദ്ധതിയുടെ ഭാഗമായി ഫ്ലോട്ടിംഗ് ഡിസ്പെൻസറി, കുമ്പളം ഗ്രാമപഞ്ചായത്തിന്റെ കിഴക്ക് തെക്ക് തീരദേശ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. യാത്രചെയ്യാൻ പറ്റാത്തവർക്ക് ആശ്വാസമായി ഈ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ഈ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ കൂടാതെ ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഹെൽപ്പർ എന്നിവരും കൂടാതെ ആശാ വർക്കേഴ്സിന്റെ സേവനവും ലഭ്യമാണ്. കുടിവെള്ളം, വാഷ് ബെയ്സിൻ, ടോയ്.ലറ്റ് സൗകര്യങ്ങളുമായാണ് വളന്തക്കാട്, പഴല എന്നീ പ്രാഥമികാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**

Section Officer signed (True Copy)

**അനുബന്ധം**

അട്ടപ്പാടിയിലേയും വയനാട്ടിലേയും ഗോത്രവർഗ്ഗക്കാർക്കിടയിൽ ശിശുമരണ നിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിവാഹ പ്രായത്തിനു മുൻപ് കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുക, അനീമിയ കണ്ടെത്തുക, ശരീര ഭാരം മെച്ചപ്പെടുത്തുക എന്നിവയ്ക്കുവേണ്ടി പോഷകാഹാര-ആരോഗ്യ വിദ്യാഭ്യാസം നൽകി വരുന്നു.
2. സ്ത്രീകളിൽ അനീമിയ കണ്ടെത്തുന്നതിന്റെ ഭാഗമായി 18 വയസ്സിനു മുകളിലുള്ള എല്ലാ സ്ത്രീകൾക്കും സൗജന്യമായി പരിശോധനാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.
3. ഗർഭാരംഭത്തിൽ തന്നെ Early Registration നും കുത്തിവയ്പ്പും നൽകുന്നു.
4. ജനന വൈകല്യങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി Folic Acid tab ഗർഭാരംഭത്തിൽ തന്നെ കൊടുത്തുവരുന്നു.
5. Monthly Check up ഉറപ്പു വരുത്തുന്നു
6. High Risk Pregnancy യ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നു.
7. ഓരോ വിസിറ്റിലും ഗർഭിണികളുടെ തൂക്കം രേഖപ്പെടുത്തുന്നു.
8. ഗർഭിണികളുടെ സ്വകാര്യത മാനിച്ചുകൊണ്ട് പരിശോധനയ്ക്കുള്ള സൗകര്യം നൽകുന്നു.
9. 3 മാസത്തിനുശേഷം വിരയ്ക്കുള്ള ഗുളിക നൽകുന്നു.
10. 7-ാമത്തെ ആഴ്ച ആദ്യത്തെ സ്കാനിംഗും 20-ാമത്തെ ആഴ്ചയിൽ ജനിതക വൈകല്യങ്ങൾ കണ്ടു പിടിയ്ക്കുന്നതിനുള്ള സ്കാനിംഗും നടത്തുന്നു.
11. എല്ലാ ഗർഭിണികൾക്കും വേണ്ട രക്ത പരിശോധനകളും, ICTC സൗകര്യവും നൽകുന്നു.
12. തൈറോയിഡ് സ്ക്രീനിംഗ് നടത്തുന്നു.

- ഹെൽത്ത് സ്റ്റാഫ് / ASHA മാരുടെ സഹായത്തോടെ റഗുലർ ആയി ഗൃഹ സന്ദർശനം നടത്തി Iodised Salt ഉപയോഗം, Nutritional diet, ആവശ്യമായ ശുദ്ധമായ കുടിവെള്ളം ഇവയുടെ ലഭ്യത ഉറപ്പാക്കുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.
- ഗർഭസ്ഥ ശിശുവിന്റെ വളർച്ചക്കുറവുള്ള ഗർഭിണിയുടെ പ്രസവത്തിന് 6 ആഴ്ച മുൻപ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് പോഷകാഹാരവും, ആവശ്യമായ Nutritional Supplement ഉം നൽകി വരുന്നു.
- പ്രസവത്തിനുള്ള സാമ്പത്തിക സഹായമായി JSY, IGMSY, ജനനി ജന്മരക്ഷ പദ്ധതി പ്രകാരം നൽകി വരുന്നു.
- കുട്ടികൾക്ക് ജനിച്ച ഉടനെതന്നെ മുലപ്പാൽ നൽകുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. 'കംഗാരു മദർ കെയർ' വഴി നവജാത ശിശുവിന്റെ ശരീരോഷ്മാവ് ശരിയായ രീതിയിൽ നിലനിർത്തുന്നതിനു വേണ്ടിയുള്ള പരിശീലനം നൽകുന്നു. കൃത്യമായ സമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളും നൽകി വരുന്നു.
- Milk aspiration ഉണ്ടാകാതിരിയ്ക്കുവാൻ വേണ്ടിയുള്ള ബോധവൽക്കരണം നൽകുന്നു.
- ഹൃദ്യം പരിപാടിയിലൂടെ ജന്മനാ ഹൃദയവൈകല്യമുള്ള കുഞ്ഞുങ്ങളെ ഹൃദയ ചികിത്സയുള്ള സ്ഥാപനങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു.
- കോട്ടത്തറ ആശുപത്രിയിൽ 54 ബഡിനെ 100 ബഡ് ആക്കി ഉയർത്തി 24 മണിക്കൂറും ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭിക്കുന്നതിനുവേണ്ടി രണ്ട് ഗൈനക്കോളജിസ്റ്റനെ കൂടി നിയമിച്ചു. മൊത്തം 3 ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്.
- IMR reduction fund-ൽ ഉൾപ്പെടുത്തി 3 കോടി രൂപ ചെലവഴിച്ച് കോട്ടത്തറ ആശുപത്രിയുടെ മൂന്നാംനില പണികഴിപ്പിച്ചു.
- കോട്ടത്തറ ആശുപത്രിയിൽ പാലക്കാട് ഡി.ഇ.ഐ.സി. (ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ) ന്റെ ഭാഗമായി ഈ.ഐ.ഡി.എം.യു. (ഏർളി ഇന്റർവെൻഷൻ & ഡിസെബിലിറ്റി മാനേജ്മെന്റ്) യൂണിറ്റ് ആരംഭിച്ചു.
- തൂക്കക്കുറവുള്ള കുട്ടികളെ N.R.C. (Nutritional Rehabilitation Centre) കളിൽ പ്രവേശിപ്പിച്ച് പോഷണവും, ചികിത്സയും നൽകി വരുന്നു.
- Community Kitchen വഴി അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും പോഷക സമൃദ്ധമായ ആഹാരം നൽകി വരുന്നു.
- ഗോത്ര വർഗ്ഗക്കാരിൽ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 'തെമ്പ്'

എന്ന പരിപാടി നടപ്പിലാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സമൂഹത്തിന്റെ സുസ്ഥിരമായ ആരോഗ്യം ഉറപ്പാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

- സിക്കിൾസെൽ reduction നുമായി ബന്ധപ്പെട്ട് ഹോസ്റ്റലുകളിലും, ഊരിലും ഉള്ള കുട്ടികൾക്ക് സൗജന്യമായി രക്ത പരിശോധനയും ബോധവൽക്കരണവും നൽകി വരുന്നു.
- Maternal death audit and Infant death audit ഉം, വിശകലന യോഗവും എല്ലാ മാസവും സംസ്ഥാന തലത്തിൽ നടത്തി വരുന്നു. തുടർന്ന് IMR and MMR reduction-ന് ആവശ്യമായ പുതിയ തീരുമാനങ്ങൾ എടുക്കുന്നു.
- മാനസിക വൈകല്യങ്ങൾ പോലെയുള്ള രോഗങ്ങൾ കണ്ടെത്തി ആത്മഹത്യ പ്രവണത ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പരിചരണം കൗൺസിലർമാരുടെ സേവനത്തോടെ സൈക്യാട്രി ഡിപ്പാർട്ടുമെന്റ്-ൽ ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും നടത്തി വരുന്നു. ഇതിന്റെ ഭാഗമായി യോഗ, എക്സർസൈസ്, കാരംസ്, ഷട്ടിൽ എന്നിവയും രാവിലെയും വൈകുന്നേരവും ഗാർഡനിലൂടെയുള്ള നടത്തം എന്നിവ Aswas Clinic-ന്റെ ഭാഗമായി നടന്നു വരുന്നു.
- തീരദേശ മേഖലയിൽ വസിക്കുന്നവരുടെ ഇടയിൽ കൂടുതലായി മാനസിക പ്രശ്നങ്ങൾ കാണപ്പെടുന്നു. തൊഴിലില്ലായ്മ, മദ്യപാനം, Family Problems ഇവ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ തീരദേശ മാനസികാരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ